മോശമായതുകൊണ്ട് അറ്റകുറ്റപ്പണികൾ നടത്താനുള്ള ഒരു പരിപാടിക്ക് രൂപം നൽകുകയും ഇതിനോടകം 23.42 ലക്ഷം രൂപ ആയിനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം നാലായിരം വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. തകർന്നുപോയിട്ടുള്ള വീടുകൾ പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തി തീർക്കാവുന്നതാണ്. ഇനി അറ്റകുറ്റപ്പണികൾ കഴിയുന്നിടത്തോളം വീട്ടുടമസ്ഥൻതന്നെ നടത്തേണ്ടതാണ്. എന്നാൽ വളരെ മോശമായ വീടുകൾക്ക് സഹായം നൽകുന്ന പദ്ധതി ഇനിയും തുടരുന്നതാണ്.

(7) ഫോർട്ടുകൊച്ചി—ചെല്ലാനം ഭാഗത്തെ കടലാക്രമണം

ശ്രീ. കെ.എം. ഹംസക്കുഞ്ഞ്: സർ, ഫോർട്ടുകൊച്ചി—ചെല്ലാനം ഭാഗത്ത് കടൽക്ഷോഭംമൂലം അവിടെത്താമസിക്കുന്ന മൽസ്യത്തൊഴിലാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഫിഷർമെൻ കോളനി മുതൽ സൗത്ത് ചെല്ലാനം വരെയുള്ള ഭാഗങ്ങളിൽ കടൽക്ഷോഭം മൂലം ആയിരക്കണക്കിന് വീടുകൾ ഭാഗികമായി നശിക്കുകയും വളരെയധികം മൽസ്യത്തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം ഇല്ലാതാവുകയും ചെയ്തിരിക്കുകയാണ്. ഭാഗികമായി വീട് നഷ്ടപ്പെട്ടിട്ടുള്ളവർക്ക് അത് റിപ്പെയർ ചെയ്യാനാവശ്യമായ സംഖ്യ അനുവദിച്ചുകൊടുക്കുകയും മൽസ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ചെല്ലാനം ഭാഗങ്ങളിൽ കെട്ടിയിട്ടുള്ള കടൽഭിത്തിക്ക് ഉയരം കുറവായതുകൊണ്ട് ഓവർഫ്ളോ ചെയ്താണ് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത്. ഫിഷർമെൻ കോളനിക്കടുത്തുള്ള ഭാഗങ്ങളിൽ ഇനിയും കടൽഭിത്തി കെട്ടാനുണ്ട്. രണ്ടുവർഷം മുമ്പ് ഇതിന് കരാറു കൊടുക്കുകയും ചെയ്തു. ആ കരാറിൻമേൽ ഒരു പരാതി ഉയർന്നുവന്നിരിക്കുകയാണ്. കരാറുപ്രകാരമുള്ള സംഖ്യ കൊടുത്തിരിക്കുന്നു, പണി പൂർത്തിയാക്കിയിട്ടില്ലായെന്ന ആരോപണം ഉയർന്നു വന്നിരിക്കുകയാണ്. അതിനെക്കുറിച്ച് അന്വേഷിച്ച് ആ കരാറിൽനിന്ന് പണി നടത്താതെ മാറിയിട്ടുണ്ടെങ്കിൽ വളരെ ഗൗരവമായി ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുമാത്രമല്ല, ലക്ഷക്കണക്കിന് സിമൻറ് ചാക്കുകളിൽ മണ്ണുനിറച്ച് ആ പ്രദേശത്തെ കടൽക്കയറ്റം തടയാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് ഈ സംസ്ഥാനത്ത് സിമൻറ് ചാക്കുകൾ ഇല്ലാത്തതുപോലെ മൈസൂറിൽനിന്നും ചാക്കുകൾ കൊണ്ടുവരുന്നതും ഗൗരവമായി എടുക്കണമെന്നും മൽസ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ ഈ ആഴ്ചമുതലെങ്കിലും ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, മട്ടാഞ്ചേരിയിൽ ഫിഷിങ്ങ്ഗ്യാപ്പുകൾ വഴി കടൽജലം ശക്തിയായി ഉള്ളിലേക്ക് അടിച്ചുകയറി നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അവിടത്തെ വെള്ളപ്പൊക്കത്തിന്റെ ഫലമായിട്ടുണ്ടായിട്ടുള്ള നാശനഷ്ടങ്ങളെ സംബന്ധിച്ചിടത്തോളം ദുരിതാശ്വാസ നടപടികൾ എടുക്കേണ്ടത് ഡിസ്ട്രിക്ട് കളക്ടേഴ്സാണ്. അവർ ദുരിതാശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സ്വീകരിക്കുന്നുമുണ്ട്. എന്റെ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് ഒരുകാര്യം പറഞ്ഞു. അതായത്, ചെല്ലാനം പ്രദേശത്ത്

LIBRARY ARCHIVES Kerala Legislative Assembly

നാശനഷ്ടങ്ങളുണ്ടായത് അവിടത്തെ കടൽഭിത്തിയുടെ ഉയരക്കുറവു കൊണ്ട്, വെള്ളം ഓവർഫ്ലോ ചെയ്തതുകൊണ്ടാണെന്നാണ്. അത് പരിശോധിച്ചിട്ട് കടൽഭിത്തിയുടെ ഉയരം കൂട്ടുന്നതിന് ടെക്നിക്കലായിട്ട് ഫീസിബിളാണെങ്കിൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

രണ്ടാമതായി മുനമ്പത്ത് ഒരു കരാറുകാരൻ പണി നടത്തിയില്ലായെന്നൊരാരോപണമുണ്ടായി. തീർച്ചയായും അതിനെക്കുറിച്ച് പരിശോധിച്ച് അയാളെക്കൊണ്ടുതന്നെ എത്രയുംവേഗം പണി നടത്തിക്കാം. അതിന് കഴിയുന്നില്ലെങ്കിൽ അത് ക്യാൻസൽചെയ്തുകൊണ്ട്.....

ശ്രീ. കെ.എം. ഹംസക്കുഞ്ഞ്: സർ, ആ കരാറുകാരൻ ബില്ലുമാറിക്കൊണ്ടുപോയിട്ട് പണി നടത്തിയിട്ടില്ലായെന്നാണ് പറഞ്ഞത്.

ശ്രീ. കെ.എം. മാണി: സർ, പണി നടന്നതിനേ സാധാരണ ബില്ല് കൊടുക്കാവൂയെന്നാണ് നിയമം. ബില്ല്കൊണ്ടുപോയിക്കാണും. ഏതായാലും ഉടനെതന്നെ അക്കാര്യത്തെക്കുറിച്ച് അന്വേഷിച്ച് പണി എക്സ് പഡൈറ്റു ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാം. ഇപ്പോഴ അവിടെ ഉൽക്കണ്ഠയ്ക്ക് കാര്യമൊന്നുമില്ല. ആവശ്യമായ സിമൻറ് ചാക്കുകളും അവിടെ നിക്ഷേപിച്ചിട്ടുണ്ട്. അങ്ങനെ താൽക്കാലിക നടപടികളും സ്വീകരിച്ചതുകൊണ്ട് ആളുകൾക്ക് വലിയ ബുദ്ധിമുട്ടുകളും ഇല്ലാതെ പരിതഃസ്ഥിതികൾ നിയന്ത്രണത്തിലാണ്.

IV. റിപ്പോർട്ടു സമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ നാൽപ്പത്തിയാറുമുതൽ അൻപതുവരെയുള്ള റിപ്പോർട്ടുകൾ—

ശ്രീ. പി. സീതിഹാജി: സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ചെയർമാനായ ഞാൻ 1984–86–ലെ നാൽപത്തിയാറുമുതൽ അൻപതുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചുകൊള്ളുന്നു. പി.യു.സി. യുടെ ചരിത്രത്തിൽ ഇത്രയധികം റിപ്പോർട്ടുകൾ സമർപ്പിക്കാൻ സാധിച്ചതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റി ഇരുപത്തിയേഴുമുതൽ നൂറ്റിമുപ്പത്തിയൊൻപതുവരെയുള്ള റിപ്പോർട്ടുകൾ—

ശ്രീ. കെ.പി. പ്രഭാകരൻ: സർ, 1984–'86–ലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 127 മുതൽ 139 വരെയുള്ള റിപ്പോർട്ടുകൾ ചെയർമാനായ ശ്രീ. സി. വാസുദേവമേനോനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ എട്ടാമതു റിപ്പോർട്ട്—

ശ്രീ. പി.സി. ജോർജ്ജ്: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly